കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-2/1080 /2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 22/06/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-4, 3-7 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി2-1080/2017 തീയതി:22/06/2017

<u>സാമ്പത്തിക വർഷത്തെ കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 31-03-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ -ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-6-2017 മുതൽ 13-6-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീരാജ്.വി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.അനിൽകുമാർ | 1-4-2016 മുതൽ 31-3-2017വരെ |
| സെക്രട്ടറി | ശ്രീ.ശ്രീകുമാർ.ജി | 1-4-2016 മുതൽ 31-3-2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീമതി.ബി. ഷൈലജ. | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അജ്മി. | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ശ്രീ.സാബുസേവ്യർ | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മാലതി | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.വിനോദ്<br>ഡോ.ജാസ്മിൻ.റ്റി<br>ഡോ.എ.സനിത | 1-4-2016 മുതൽ 1-7-2016വരെ<br>2-7-2016മുതൽ 9-1-2017വരെ<br>10-1-2017മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം. | ഡോ.ജയശ്രീ | 1-4-2016 മുതൽ 31-3-2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ | കുമാരി.സ്വാതികൃഷ്ണൻ | 1-4-2016മുതൽ 31-3-2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗിരിജാദേവി | 1-4-2016 മുതൽ 31-3-2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.മനോജ് | 1-4-2016 മുതൽ 13-8-2016വരെ |
| | ശ്രീമതി.സജിത | 14-8-2016 മുതൽ 31-3-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോൺസൺ | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | മൊബൈൽ ടവർ -കെട്ടിട നികുതി- റവന്യൂ റിക്കവറി | 2-1 |
| 13 | വരവ് തുകയുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല | 2-2 |
| | ഭാഗം 3 | |
| 14 | കുടിവെള്ള ടാപ്പ് – വെള്ളക്കരം കുടിശ്ശിക | 3.1 |
| 15 | ഇലക്ട്രിഫിക്കേഷൻ – പ്രവൃത്തികൾ പൂർത്തിയായിട്ടില്ല | 3-2 |
| 16 | പാലിയേറ്റീവ് പരിചരണത്തിനുള്ള മരുന്നുകൾ യഥാസമയം ലഭിച്ചിട്ടില്ല | 3-3 |
| 17 | വെറ്റിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകൾ | 3-4 |
| 18 | ആയുർവേദ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 3-5 |
| 19 | വിനിയോഗവിവരം ലഭ്യമല്ല | 3-6 |
| 20 | ഭക്ഷ്യധാന്യ വിതരണം - കണക്കുകളിൽ പൊരുത്തക്കേട് | 3-7 |
| 21 | ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല | 3-8 |

| | | |
|---|---|---|
| 22 | കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-9 |
| 23 | വിവിധ പ്രോജക്റ്റുകൾ പൂർത്തിയാക്കിട്ടില്ല | 3-10 |
| 24 | ദേശീയ ഗ്രാമീണ പദ്ധതി | 3-11 |
| | ഭാഗം-4 | |
| 26 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 27 | ഡെപ്പോസിറ്റ്, ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4.5 |
| 31 | ഓഡിറ്റ് റിക്കവറി | 4.6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | 4.10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ 1-ാം നംപർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 29-5-2017 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 07.06.17 | വാർഷിക ധനകാര്യ പത്രിക പരിശോധനാ സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട് |

### അപാകതകൾ

1.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

2.എസ്.ബി.റ്റി അക്കൌണ്ടിൽ വരവുവന്ന 1306000/-രൂപയുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല

3.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-വാർഷിക കണക്കുകളിൽ ഉൾപ്പെട്ട തുകകൾ

യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
4. ശുചിത്വമിഷൻ ഗ്രാന്റായ 815450/- രൂപ 2015-16 വർഷം മുതൽ നീക്കിയിരിപ്പായി നിലനിൽക്കുന്നു.
5. കുടിവെള്ള ചാർജ്ജ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള തുക രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4182063 |
| വരവ് | 42250435 |
| ആകെ | 46432498 |
| ചെലവ് | 41527047 |
| നീക്കിയിരിപ്പ് | 4905451 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 160000 | 9661930 | 9821930 | 9821930 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2613902 | 2613902 | 2613902 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1727532 | 172732 | 172732 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 2646491 | 2646491 | 2646491 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5230567 | 5230567 | 5230567 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2649018 | 2649018 | 2649018 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 1423 | 1021770 | 1023193 | 1023193 | 0 | 100 |
| ബി ഫണ്ട് | 0 | 548040 | 548040 | 548040 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 120 | 37671663 | 82 | 28302132 | 34 | 4 | 68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2001205 | 2133600 | 132395 | 6.61 |
| നികുതിയേതര വരവുകൾ | 685791 | 765013 | 79222 | 11.55 |
| മറ്റുവരവുകൾ | 22760 | 1709 | -21051 | -92.49 |
| ആകെ | 2709756 | 2900322 | 190566 | -7.00 |

## 1-8 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 218040 | 149 |
| കർഷക തൊഴിലാളി പെൻഷൻ | 1318430 | 140 |
| വിധവാ പെൻഷൻ | 7239440 | 693 |
| വാർദ്ധക്യകാല പെൻഷൻ | 5735840 | 513 |
| വികലാംഗ പെൻഷൻ | 2941905 | 283 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-6-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 360/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. നികുതി, നികുതിയേതര വരവുകൾ പൂർണ്ണമായി പിരിച്ചെടുക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ലഭ്യമാകാത്ത തുകകൾ പിരിച്ചെടുക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾ യഥാസമയം കൈക്കൊണ്ടിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.5.2017 | 3/2017 | 5/2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.4.2017 | 2012-13മുതൽ 2015-16വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റിയലൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതി അടവാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിൻെറ ഉടമസ്ഥതയിലുള്ള TP-5/425 മൊബൈൽ ടവറിൻെറ വസ്തു നികുതി വർഷങ്ങളായി അടവാക്കുന്നില്ല. ഈയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|
| 2013-14 | 13458 | 673 | 14131 |
| 2014-15 | 13750 | 688 | 14438 |

| | | | |
|---|---|---|---|
| 2015-16 | 13750 | 688 | 14438 |
| 2016-17 | 13750 | 688 | 14438 |
| ഫൈൻ,മറ്റുള്ളവ | 2001 | | 2001 |
| ആകെ | 56709 | 2737 | 59446 |

വസ്തു നികുതി ഈടാക്കുന്നതിലേക്ക് ടി സ്ഥാപനത്തിന് 17-10-2016-ൽ, 1996 ലെ കെ.പി.ആർ.ചട്ടം 14 പ്രകാരം റവന്യൂ റിക്കവറിക്കുള്ള ഡിമാന്റ് നോട്ടീസ് നല്കിയതായി കാണുന്നു. ആയതിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 2-2 എസ്.ബി.റ്റി അക്കൌണ്ടിലെ വരവ് -വ്യക്തതയില്ല

2016-17 വാർഷിക കണക്കുകൾ റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് ഹെഡ് 320400199-ൽ വരവ് വന്നിട്ടുള്ള 1306000/-രൂപയുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല. എസ്.ബി.റ്റി അക്കൗണ്ടിൽ 15-10-2016-ൽ 648000/-രൂപയും 16-3-2017-ൽ 658000/-രൂപയും ഉൾപ്പെടെ 1306000/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ആയാണ് വരവ് വന്നിട്ടുള്ളത്. ഈ തുക തൻ വർഷ ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി കണക്കാക്കി – യിട്ടുള്ളതാണ്. വരവ് ഏതിനത്തിലുള്ളതാണെന്നോ ഏതു സ്ഥാപനം/ഏജൻസിയിൽ നിന്ന് ലഭ്യമായതാണെന്നോ വ്യക്തമല്ല. ആയത് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം കുടിശ്ശിക നിലനില്ക്കുന്നു

എല്ലാ തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണമെന്നും ഇതിനെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കുകയും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണമെന്നും, സ.ഉ.(സാ) നം. 1275/2009/ ത.സ്വ.ഭ.വ തീയതി 30-05-2009 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 15-3-2017-ലെ ബിൽ നം. 16054 പ്രകാരം വെള്ളക്കരം ഇനത്തിൽ 32339737/-രൂപ കുടിശ്ശിക കാണുന്നു. 106/17 നംപർ പദ്ധതി പ്രകാരം മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 9/16 ൽ 214000/- രൂപ ഈയിനത്തിൽ ഒടുക്ക് വരുത്തി. ഈ ഇനത്തിൽ തനത് ഫണ്ട് തൻ വർഷം വിനിയോഗിച്ചിട്ടില്ല. വാട്ടർ അതോറിറ്റി എല്ലാ മാസവും നൽകുന്ന ഡിമാൻറ് നോട്ടീസിൽ 458 ടാപ്പുകൾ ഉള്ളതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ടാപ്പുകളുടെ എണ്ണം തിടിടപ്പെടുത്തി രേഖകൾ സൂക്ഷിക്കുന്നില്ല.

ഭീമമായ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ, വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അതിനനുസരിച്ച്

വെള്ളക്കരം ഒടുക്കുന്നതിനും, അധികമായി തുക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ച് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 3-2 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല

വിവിധ ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകൾക്കായി P.W.D ഇലക്ട്രിക് വിഭാഗത്തിൽ താഴെപ്പറയും പ്രകാരം മുൻകൂർ തുക നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/5-6-17)2017 ജൂലൈ 31ന് മുൻപായി പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്, നം. | ചെലവ് ചെയ്ത തുക | ബിൽ/ ഡി.ഡി.നം,തീയതി |
|---|---|---|
| സിദ്ധ ഹോസ്പിറ്റൽ – ഇലക്ട്രിഫിക്കേഷൻ | 104400 | 432946/16.11.16 |
| പഞ്ചായത്ത് കോൺഫറൻസ് ഹാൾ - ഇലക്ട്രിഫിക്കേഷൻ | 102600 | 432944/16.11.16 |
| 6-ാം വാർഡിലെ 5-ാം നമ്പർ അങ്കണവാടി ഇലക്ട്രിഫിക്കേഷൻ, | 56000 | 432945/16.11.16 |
| ആകെ | 263000 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കും വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 3-3 പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.SO 54/17

വികസന ഫണ്ട് (ജനറൽ) -491798/- രൂപ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയിലേയ്ക്ക് മരുന്നു വാങ്ങുന്നതിന് 21048/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട് (പ്രോഫോർമ ഇൻവോയിസ് നം 33619.3.17, ബിൽ നം. 8/22-3-17). എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. ശയ്യാവലംബരായ രോഗികളുടെ പരിചരണത്തിനായി ലഭ്യമാക്കേണ്ട മരുന്നുകൾ യഥാ സമയം ലഭ്യമാകാത്തത് നീതീകരിക്കാനാവില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക 21048/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 വെറ്റിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

1)പദ്ധതിയുടെ പേര്- മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ

പദ്ധതി നം.S0072/17

ക്വട്ടേഷൻ/ടെണ്ടർ കൂടാതെ മരുന്ന വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് (നീതി സ്റ്റോറിൽ നിന്ന്) മൃഗാശുപത്രിക്കുള്ള മരുന്ന് വാങ്ങാൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മൃഗാശുപത്രിക്കുള്ള മരുന്ന് വാങ്ങുന്നതിന് 10/10/2016ൽ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ നൽകിയവരിൽ നിന്നും മരുന്നുകൾക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സതേൺ ഡ്രഗ്ഗ് ഹൗസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ 25/10/2016ൽ തിരഞ്ഞെടുത്തതിനെത്തുടർന്ന് 28/10/2016ൽ മരുന്നുകൾ സപ്ലൈ ചെയ്ത് ആയതിനുള്ള സെയിൽ ബിൽ നൽകുകയും, ബിൽ പ്രകാരം 1,00,000/-രൂപ (ഡി.ഡി.നം.432098/24.11.16, എസ്.ബി.റ്റി.,ചവറ) നൽകുകയും ചെയ്തു. മേൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷം, 07/01/2017ലെ V(2) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ ആവശ്യമുള്ള മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിൽ ലഭ്യമല്ല എന്ന കാരണത്താൽ, വെറ്റിനറി സർജൻ ക്വട്ടേഷൻ ക്ഷണിച്ച് മരുന്ന് വാങ്ങിയ നടപടി അംഗീകരിച്ചു നൽകി. പ്രസ്തുത പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)പദ്ധതിയിൽ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് (നീതി സ്റ്റോറിൽ നിന്ന്) മൃഗാശുപത്രിക്കുള്ള മരുന്ന് വാങ്ങാൻ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും, ആയതിന് വിപരീതമായി പഞ്ചായത്ത് കമ്മിറ്റിയുടെ മുൻകൂർ അനുമതി വാങ്ങുകയോ, പദ്ധതി പുനർസമർപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്യാതെ, ക്വട്ടേഷൻ ക്ഷണിച്ച് മരുന്ന് വാങ്ങി.

(2) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സതേൺ ഡ്രഗ്ഗ് ഹൗസ് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തുവെങ്കിലും മരുന്നുകൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനവുമായി കരാർ വച്ചിട്ടില്ല.

(3) വാങ്ങൽ നടപടികൾ പൂർത്തീകരിച്ച്, തുക കൈമാറിയതിനു ശേഷമാണ്, നീതി സ്റ്റോറിൽ മരുന്നുകൾ ലഭ്യമല്ല എന്ന കാരണം കാണിച്ച് ക്വട്ടേഷൻ ക്ഷണിച്ച നടപടി പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടിയത്. നീതി സ്റ്റോറിൽ മരുന്നുകൾ ലഭ്യമല്ല എന്നത് ബോദ്ധ്യപ്പെടുത്തുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.6/8-6-17) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച്, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങിയ ഇനത്തിലെ ചെലവ് തുക 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>പ്രോജക്ടിന്റെ പേര് – കാലിത്തീറ്റ സബ്സിഡി</u>

പ്രോജക്ട് നം.S0077/17

വകയിരുത്തിയ തുക -850000/-രൂപ
പദ്ധതിവിഹിതം (ജനറൽ) -244170/- രൂപ
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -55800/-രൂപ

ബ്ലോക്ക് വിഹിതം – 550000/-രൂപ

മേൽ പ്രോജക്ടിനായി 163 ഗുണഭോക്താക്കൾക്കായി 847511/-രൂപ ചെലവഴിച്ച (ബിൽ നം. 9/23.2.17-244170/-രൂപ, ബിൽ നം. 10/23.2.17 – 55800/-രൂപ, ചെക്ക് നം. 2310/31.3.17 – 547541/-രൂപ). ചവറ തെക്കുംഭാഗം ക്ഷീരോല്പാദക കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ പാൽ അളന്ന ക്ഷീരകർഷകർക്കാണ് സബ്സിഡി തുക നൽകിയത്. മേൽ ക്ഷീരസംഘം മുഖേന ഓരോ മാസവും അളന്ന പാലിന്റെ അളവും അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അർഹത തിട്ടപ്പെടുത്തിയ വ്യക്തമായ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4/-രൂപ മാത്രമേ അനുവദനീയമായുള്ളൂ. എന്നാൽ മേൽ പ്രോജക്ട് പ്രകാരം 4/-രൂപ ക്രമത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് സബ്സിഡി ലഭ്യമായിട്ടില്ല എന്ന് ഉറപ്പാക്കാനുള്ള ആധികാരിക രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായി ചെലവു ചെയ്ത 847511/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-5 മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക 118596/-രൂപ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി ഔഷധിയിൽ തുക മുൻകൂറായി നിക്ഷേപിച്ചിരുന്നുവെങ്കിലും മരുന്നുകൾ ഇനിയും ലഭ്യമാകാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | ഔഷധിയിൽ നിക്ഷേപിച്ച തുക | ഡി.ഡിനം/ ബിൽ നം, തീയതി | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാക്കാനവ ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| പകർച്ചവ്യാധി പ്രതിരോധ മരുന്ന് (102/17) | 125000 | 432970/ 23-11-16 | 77245 | 47755 |
| ആയുർവേദ ആശുപത്രി മരുന്ന് വാങ്ങൽ(22/17) | 250000 | 432969/ 23-11-16 | 179159 | 70841 |

| | |
|---|---|
| ആകെ ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില | 118596 |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കും വരെ 118596/-രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

## 3-6 സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് നം. 133/17 പ്രകാരം ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്നും 200000/-രൂപ ചെക്ക് നം. 51600759/16-3-2017 (ബിൽനം. 10/14.03.2017) പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതി -അപാകതകൾ

പ്രോജക്ടിന്റെ പേര് :- അങ്കണവാടി അനുപൂരക പോഷകാഹാരം.

പ്രോജക്ട് നം. S0 039/17.

മേൽ പ്രോജക്ട് പ്രകാരം തെക്കുംഭാഗം സർവീസ് സഹകരണ ബാങ്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(നീതി സ്റ്റോർ), സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ടെൻസ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ് എന്നിവിടങ്ങളിൽ നിന്നും, ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിയ ഇനത്തിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിലയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും കണക്കാക്കി പ്രതിഫലം നൽകിയതിൽ പൊരുത്തക്കേടുകൾ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം,തീയതി, തുക | ഇന വിവരം | ഇറക്കിയ സാധനങ്ങളുടെ വില | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (@Rs1.40 /Kg) | ആകെ നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | 1/21-10-16 819520/-രൂപ | നീതി സ്റ്റോറിന്റെ 11.2.16, 5.5.16, 24.7.16 തീയതി കളിലെ ബില്ലുകൾ പ്രകാരം | 766145 | 18235 | 784380 | 787057 | 2677 |
| | | കേരള സിവിൽ സപ്ലൈസ് കോർപ്പ -റേഷനിൽ നിന്നും | | 980 | 980 | 9233 | 8253 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 700കി.ഗ്രാം അരി ഇറക്കി യതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ് | | | | | |
| 2 | ബിൽ നം. (കേന്ദ്രവിഹിതം) 425229/-രൂപ | ടെൻ സ്റ്റാർ ആക്റ്റിവിറ്റി ഗ്രൂപ്പിൽ നിന്നും അമൃതം ഫുഡ് വാങ്ങിയതിന്റെ 28.5.16,27.12.16, 26.1.16,18.2.16, 28.3.16,29.4.16, 27.6.16,22.7.16, 5.8.16 തീയതിക ളിലെ ബില്ലുകൾ പ്രകാരം | 405272 | 10132 | 421564 | 425229 | 3665 |
| | | കേരള സിവിൽ സപ്ലൈസ് കോർപ്പറേ ഷനിൽ നിന്നും 4400 കി.ഗ്രാം അരി ഇറക്കി യതിന്റെ ട്രാൻസ്-പോർട്ടേഷൻ ചാർജ് | | 6160 | | | |
| | ആകെ അധികം നൽകിയ തുക | | | | | | 14595 |

മേൽ പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 8-12.6.17) ക്രമനം 1 പ്രകാരം തുക നൽകിയത് മുൻ സാമ്പത്തിക വർഷത്തിൽ ഇറക്കിയ ഭക്ഷ്യധാന്യങ്ങളുടെ കയറ്റിറക്ക് കൂലി നൽകിയതാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ആയതു ബോദ്ധ്യപ്പെടുത്താനുള്ള രേഖകൾ ഹാജരാക്കിയില്ല. ക്രമനം 2 പ്രകാരം ചൂണ്ടിക്കാട്ടിയ തുക തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കണക്കുകൾ കൃത്യമായി പൊരുത്തപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതും, അല്ലാത്തപക്ഷം അധികം നൽകിയതായി കണക്കാക്കിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതുമായിരിക്കും. പൊരുത്തപ്പെടാത്ത 14595/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 സാക്ഷരത തുല്യത പരീക്ഷ ചെലവ് - രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പത്താം തരം തുല്യത പദ്ധതിയുടെ കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ എന്നീ ഇനങ്ങൾക്കായി ജനറൽ വിഭാഗത്തിലെ 14 ഉം എസ്.സി വിഭാഗത്തിലെ 2ഉം ഉൾപ്പെടെ 16 വിദ്യാർത്ഥികൾക്കായി ഒരു

വിദ്യാർത്ഥിയ്ക്ക് 1600/- രൂപാ ക്രമത്തിൽ ബിൽ നം. 7/28-2-17 പ്രകാരം 25600/- രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) പിൻവലിച്ച് സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കുട്ടികൾ കോഴ്സ് പൂർത്തീകരിച്ചതിനുള്ള യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-9 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയത് പ്രവൃത്തിയുടെ പേര് – 10-ാം വാർഡിൽ വരട്ടഴികത്ത് മുക്ക് ഗുഹാനന്ദപുരം റോഡ് പുനരുദ്ധാരണം

പ്രോജക്ട് നം-104/16
ബിൽ നം.6/25.01.2017
തുക- 372840/-രൂപ

1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന് 2014 ഡി.എസ്.ആർ നിരക്ക് പ്രകാരം $m^3$-ന് 8069.85/-രൂപയാണ് (1-8-15 മുതൽ പ്രാബല്യത്തിലുള്ള വില സൂചികയെ അടിസ്ഥാനപ്പെടുത്തി) അനുവദനീയമായത്. ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് കരാറുകാരൻ നടത്തുമ്പോൾ അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size): 20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size) :10mm nominal size | cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | 0.445 | 1200 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |

| | | | | | |
|---|---|---|---|---|---|
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 350 | 24.50 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |
| 0012 | Vibrator (Needle type 40mm) | day | 0.70 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |
| | CP OH15% | | | | 712.99 |
| | വഴി നിർവ്വഹണം | | | | 5466.28 |

മേൽ സൂചിപ്പിച്ച അടിസ്ഥാന നിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ് കൊണ്ട് ഗുണിച്ച കിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്. ഇതനുസരിച്ച് ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.8.2015-ൽ അനുവദനീയമായ നിരക്ക്

= 5466.28X1.4762 = 8069.35/cum.

എന്നാൽ മേൽ പ്രവൃത്തിയിൽ 101.50 മീറ്റർ റോഡ് നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 4-ാം ഇനമായി ചെയ്ത പ്രവൃത്തിയ്ക്ക് 8324.80/- രൂപ നിരക്കിൽ തുക നൽകിയിരിക്കുന്നു. ഇത്തരത്തിൽ ആകെ പ്രവൃത്തി 15.23 m3-ന് 3890.50/-രൂപ ((8324.80-8069.35)x15.23) അധികം ചെലവ് ചെയ്തു. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/8-6-2017) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 വിവിധ പ്രവൃത്തികൾ - ടാർ ലഭ്യമാകാത്തതിനാൽ പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 13 റോഡ് നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ടാർ സപ്ലൈ ചെയ്യുന്നതിനായി 1054523/-രൂപ പിൻവലിച്ച് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് നൽകിയിട്ടുണ്ട് (ചെക്ക്നം-3071482/12-5-2017). ടാർ ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ടാർ വില പിൻവലിച്ചത് | ബിൽ നം,തീയതി |
|---|---|---|---|
| 1 | ദളവാപുരം - പുത്തൻതുരുത്ത് റോഡ് റീടാറിംഗ് (122/17) | 79395 | 24/31.3.17 |
| 2 | ആണിക്കാട്ട് മുക്ക്-പാഞ്ചേരിൽമുക്ക് റോഡ് ടാറിംഗ്(114/17) | 14030 | 21/31.3.17 |
| 3 | വിളയിൽ കിഴക്കതിൽ മുക്ക്-മുകളില്ല വിളയിൽ കടവ് റോഡ്, റീടാറിംഗ്(120/17) | 115082 | 22/31.3.17 |
| 4 | അമ്പിരേഴത്ത് -പുളി വിളയിൽ റോഡ് ടാറിംഗ് (128/17) | 33673 | 13/30.3.17/ |
| 5 | സ്വാമിവിളമുക്ക് -തടത്തിൽ ഉണ്ടുവിള റോഡ് റീടാറിംഗ് (81/17) | 78511 | 14/30.3.17 |
| 6 | കുട്ടാക്കിൽമുക്ക്-പുല്ലാഴത്ത്മുക്ക് റോഡ് റീടാറിംഗ് (121/17) | 61065 | 23/30.3.17 |
| 7 | വലിയഴികത്ത് - പണ്ടാരവയൽ റോഡ് ടാറിംഗ് (86/17) | 77706 | 16/31.3.17 |
| 8 | പൊന്നോടിമുക്ക്-ഇടയാഴത്ത് പൂണാട്ട് മുക്ക് റോഡ് ടാറിംഗ് (131/17) | 141650 | 25/30-3-17 |
| 9 | വലിയകാട്ടിൽ പാവുമ്പ റോഡ് ടാറിംഗ് (82/17) | 129511 | 15/30.3.17 |
| 10 | കല്ലുംപുറത്ത് മുക്ക് മേലെ ഇറക്കത്ത് റോഡ് ടാറിംഗ്(111/17) | 40956 | 20/30.3.17 |
| 11 | കുരിക്കൽമുക്ക്-ഊളക്കാട്ട് മുക്ക് റോഡ് ടാറിംഗ് (91/17) | 186172 | 17/30.3.17 |

| | | | |
|---|---|---|---|
| 12 | ചെറിയത്ത് പുതുമംഗലത്ത് റോഡ് ടാറിംഗ് (108/17) | 43872 | 19/30.3.17 |
| 13 | വാളത്തിൽ തീരദേശം റോഡ് റീടാറിംഗ് (94/17) | 52900 | 18/30.3.17 |
| ആകെ | | 1054523 | |

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്നും ഓരോ ഗ്രാമ പഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നില നിൽക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി റോഡു പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15 /ത.സ്വ.ഭ.വ ഉത്തരവിലും വ്യക്തമാക്കുകയും 2015-16ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15 നമ്പർ കത്ത് പ്രകാരം ജോയിൻറ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. വേതന ഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ചവറ | 2016-17 | 600000 | അഗതി,ആശ്രയ | 600000 | 0 |
| | 2016-17 | 150000 | പൂരകപോഷകാഹാരം | 150000 | 0 |
| | 2016-17 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2016-17 | 550000 | കാലിത്തീറ്റ സബ്സിഡി | 550000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി ഇലക്ട്രിക് ഡിവിഷൻ | പഞ്ചായത്ത് കോൺഫറൻസ്ഹാൾ ഇലക്ട്രിഫിക്കേഷൻ | 432944/ 16-11-2016 | 102600 | 0 | 102600 |
| | 6-ാം വാർഡിലെ 5-ാം നംപർ അങ്കണവാടി വൈദ്യുതീകരണം | 432945/ 16-11-2016 | 56000 | 0 | 56000 |
| | സിദ്ധ ആശുപത്രി അനുബന്ധ കെട്ടിടം വൈദ്യുതീകരണം | 432946/ 16-11-2016 | 104400 | 0 | 104400 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചാത്തന്നൂർ സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് നം.443/831978 | 500 |
| ആകെ | 500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 32709/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2(2) | 240 | ശ്രീമതി.ശോഭ | 11602100620/ 25.8.2016 |
| 2008-09 | 2(2) | 240 | ശ്രീ.ഗോപാലകൃഷ്ണൻ | 11602100653/ 30.8.16 |
| 1996--97 | 34 | 500 | ശ്രീ.എം.എസ്.ജോർജ്ജ് ജോസ് | 11602100761/ 29.6.16 |
| 2008-09 | 3(4),(6),(7) | 31729 | ശ്രീ.സതീഷൻ | 11602400005/ 24.1.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42250435.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41527047.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3890.50 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2702237.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 3890.50 | ശ്രീ.മനോജ്.എം.ഡി,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 263000 | ശ്രീ.ശ്രീകുമാർ, സെക്രട്ടറി |
| 3-3 | 21048 | ഡോ.സനിത,<br>മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-4(1)<br>(2) | 100000<br>847511 | ഡോ.സാബുസേവ്യർ,<br>വെറ്റിനറി സർജൻ |
| 3-5 | 118596 | ഡോ.ജയശ്രീ,<br>ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-6 | 200000 | ശ്രീമതി.ഗിരിജാദേവി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-7 | 14595 | ശ്രീമതി.ഗിരിജാദേവി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-8 | 25600 | ശ്രീ.ജോൺസൺ, എച്ച്.എം |

| | | |
|---|---|---|
| 3-10 | 1111887 | ശ്രീമതി.സജിത,<br>അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ്,എം.ഡി,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>മൈനാഗപ്പള്ളി<br>ഗ്രാമപഞ്ചായത്ത് | ശ്രീമംഗലം,<br>മുള്ളിക്കാവ് ,<br>തേവലക്കര<br>(പി.ഒ) |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996 -97 | LFQ.P5.1277(1)/14/17.6.14 | 3 |
| 2005-06 | LFQ.P5.1277(4)/14/17.6.14 | 1 |
| 2006 -07 | LFQ.P5.1277(5)/14/17.6.14 | 3 |

| | | |
|---|---|---|
| 2007 -08 | LFQ.P5.1277(6)/14/17.6.14 | 2 |
| 2008 -09 | LFQ.P5.1277(7)/14/17.6.14 | 9 |
| 2009 -10 | LFQ.P5.1277(8)/14/17.6.14 | 4 |
| 2010-11 &2011 -12 | LFQ.P5.1277(9)/14/17.6.14 | 9 |
| 2012-13 | LFQ.P5.126/15/18.05.2015 | |
| 2013-14 & 2014-15 | KSA KLM P5-282/16/12.02.16 | |
| 2015-16 | KSA KLM P5-1798/16/2.12.16 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10

## സാക്ഷ്യപത്രം-2016-17

കെ.എസ്.എ. കെ.എൽ.എം - പി.2/1080/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 22/06/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.